മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ട്. ഡിപ്രസ്സ്ഡ് ക്ലാസ്സിൽപ്പെട്ട കുട്ടികൾക്ക കൺസെഷൻ ഉണ്ടാകും, പെൺകുട്ടികൾക്കും കൺസെഷൻ ഉണ്ടാകും.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഇതിൽ മാനേജ്മെൻറിനു വരുന്ന നഷ്ടം ഗവൺമെണ്ടു കൊടുത്തുകൊള്ളാമെന്നു നിശ്ചയമില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പെൺകുട്ടികളുടെ കാര്യത്തിൽ അങ്ങിനെ നിശ്ചയമില്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: പെൺകുട്ടികൾക്കു മുഴുവൻ ഫീസു കൊടുക്കണമെന്നു വെച്ചിട്ടുള്ളതു കോളേജുക്ലാസുകളിൽ മാത്രമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല. എല്ലാ ക്ലാസുകളിലും കൊടുക്കണം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: റെക്കഗ്നിഷൻ കൊടുക്കുമ്പോൾ, ധനസഹായം ചെയ്യാൻ സാധിക്കുകയില്ലെന്നു പറയുന്നതു് എന്തുകൊണ്ടാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ധനസഹായം ചെയ്യാൻ സാധിക്കുകയില്ലെന്നു പറഞ്ഞിട്ടില്ല.

മിസ്റ്റർ കെ. എസ്. പണിക്കർ: പെൺകുട്ടികൾക്കു മുഴുവൻ ഫീസ്സു കൊടുക്കണമെന്നു നിബ്ബന്ധിക്കുന്നതു് സ്ത്രീവിദ്യാഭ്യാസം സാർവ്വത്രികമായി എന്ന കാരണംകൊണ്ടാണോ?

Mr. President: That question does not arise here.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ധനസഹായം ചെയ്യാതിരുന്നാൽ വളരെ സ്കൂളുകൾ അധ്യാപനം നിർത്തിവെക്കുമെന്നു ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈവക കാര്യങ്ങൾ ആലോചനയിൽ ഇരിക്കുകയാണു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ ആലോചന എന്നു പൂർത്തിയാകുമെന്നു പറയാൻ സാധിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്നാണു ആലോചന അവസാനിക്കുകയെന്നു പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇങ്ങനെയുള്ള പരിതഃസ്ഥിതിയേയുംകൂടി കണക്കാക്കീട്ടാണോ, മാസ്റ്റർമാരുടെ ശമ്പളം കൂട്ടിക്കൊടുക്കുന്നതിനു നിബ്ബന്ധിതമായതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല. എല്ലാവക്കും ശമ്പളം കൂട്ടിയ കൂട്ടത്തിൽ മാസ്റ്റർമാക്കും കൂട്ടിക്കൊടുത്തു എന്നേയുള്ളൂ.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇന്നു കിട്ടുന്ന ശമ്പളംകൊണ്ടു മാസ്റ്റർമാക്കു ജീവിക്കാൻ സാദ്ധ്യമല്ലെന്നു ഗവൺമെണ്ടു മനസ്സിലാക്കീട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ ഇല്ല.

മിസ്റ്റർ സി. എസ്. പണിക്കർ: സ്കൂളിൻെറ പരിതഃസ്ഥിതിയനുസരിച്ചാണോ മാസ്റ്റർമാരുടെ ശമ്പളം നിശ്ചയിച്ചിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല.

മിസ്റ്റർ എം. ഐ. പോൾ: റിവൈസ്സുചെയ്ത ശമ്പളം ഇതുവരേയും കൊടുക്കാത്തതു എന്തുകൊണ്ടാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കഴിയുന്നതും വേഗത്തിൽ പണം ഡിസ്പോസ്സുചെയ്യാൻ ഓർഡർ കൊടുത്തിട്ടുണ്ടു്. ലിസ്റ്റു കിട്ടിയാലുടനെ പണം ഡിസ്പോസ്സുചെയ്യുന്നതാണു്. അതിനു ഡിലേ വരുത്തുന്നതല്ല.

മിസ്റ്റർ എം. കെ. രാജ: രാജ്യത്തിലെ എല്ലാ സ്കൂളുകൾക്കും, ധനസഹായം നൽകുകയെന്നുള്ളതാണോ ഗവൺമെണ്ടിൻെറ നയം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല.

COMMUNAL JUSTICE IN ENTRUSTING RETAIL SHOPS TO PRIVATE INDIVIDUALS

12. മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റാഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. A Mohomed Ashrof]

(എ) റീട്ടെയിൽ ഷാപ്പുകൾ സ്വകാര്യവ്യക്തികളെ ഏല്പിച്ചുകൊടുക്കുന്ന കാര്യത്തിൽ സമുദായനീതിയോ മറ്റേതെങ്കിലും മനദണ്ഡമോ സ്വീകരിക്കാവുണ്ടോ : ഉണ്ടെങ്കിൽ എന്തെല്ലാം ;

(ബി) കമ്പളങ്ങിയിൽ മുസ്ലിം സമുദായത്തിൽപ്പെട്ട ഒരു വ്യക്തി നടത്തിയിരുന്ന ഒരു റീട്ടെയിൽ ഷാപ്പ് ഇയ്യിടെ കാൻസൽ ചെയ്തിട്ടുണ്ടോ ;

(സി) ആ ഷാപ്പു കിട്ടണമെന്നു് അതേസമുദായത്തിൽപ്പെട്ടതോ പ്രാതിനിദ്ധ്യം കുറഞ്ഞ മറ്റുസമുദായത്തിൽ പെട്ടതോ യുദ്ധസേവനം കഴിഞ്ഞുവന്നവരിൽ പെട്ടതോ ആയ ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടായിരുന്നോ ;

(ഡി) ആകെ എത്ര അപേക്ഷകന്മാർ ഉണ്ടായിരുന്നു ; അവർ ഏതെല്ലാം സമുദായത്തിൽപെട്ടവരായിരുന്നു ; അവരുടെ യോഗ്യതകൾ എന്തെല്ലാം;

(ഇ) ആ ഷാപ്പു് ആർക്കാണു് എല്ലിച്ചു കൊടുത്തതു് ; അയാളുടെ യോഗ്യതകൾ എന്തെല്ലാം ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി :

(എ) ആകെയുള്ള അപേക്ഷകളിൽനിന്നു വിശ്വസ്തത, ധനസ്ഥിതി, കച്ചവടപരിചയം മുതലായതുകൾ നോക്കി ഷാപ്പു നടത്തുന്നതിനു ഏറ്റവും യോജിച്ച ആളെ തിരഞ്ഞെടുക്കുകയാണു പതിവു് ; മേൽ വിവരിച്ച യോഗ്യതകൾ ഉണ്ടെങ്കിൽ പിന്നെ സമുദായനീതിയും നോക്കാവുണ്ടു്.

(ബി) ഉണ്ടു്.

(സി) അതേസമുദായത്തിൽപെട്ട ഒരു വ്യക്തിയും അവരുടെ ഒരു സംഘവും മറ്റു സമുദായത്തിൽപെട്ട ചിലരും യുദ്ധസേവനം കഴിഞ്ഞുവന്നവരും അപേക്ഷിച്ചിരുന്നു.

(ഡി) ആകെ ൧൨ അപേക്ഷകൾ ഉണ്ടായിരുന്നു. ൨ അപേക്ഷകൾ മുസ്ലിംസമുദായത്തിൽപെട്ടവരിൽ നിന്നും ൭ എണ്ണം ക്രസ്ത്യാനികളിൽ നിന്നും ൩ എണ്ണം ഈഴവരിൽ നിന്നും ആയിരുന്നു. ഇവരിൽ ൩ പേർ യുദ്ധസേവനം കഴിഞ്ഞു മടങ്ങിവന്നവരായിരുന്നതിനാൽ അവരുടെ യോഗ്യതകളെകുറിച്ചു മാത്രമേ പ്രത്യേകിച്ചു് അന്വേഷിക്കേണ്ടിവന്നുള്ളു. അവർ മൂന്നുപേരും ഷാപ്പുനടത്തുന്നതിനുള്ള ധനസ്ഥിതിയും വിശ്വസ്തതയും മറ്റുമുള്ളവരായിരുന്നു എന്നാണു് അറിവു്.

(ഇ) ഷാപ്പു് കെ. എ. അലക്സാണ്ടറിനാണു് എല്ലിച്ചു കൊടുത്തതു്. അയാൾ യുദ്ധസേവനം കഴിഞ്ഞു മടങ്ങിവന്ന ആളും ഷാപ്പു നടത്തുന്നതിനു മുൻപറഞ്ഞ യോഗ്യതകൾ ഉള്ള ആളും ആകുന്നു.

മിസ്റ്റർ കെ. എസ്. പണിക്കർ: ഉത്തരം എ. യിൽ "ആകെയുള്ള അപേക്ഷകളിൽ നിന്നു വിശ്വസ്തത, ധനസ്ഥിതി, കച്ചവടപരിചയം മുതലായതുകൾ നോക്കി ഷാപ്പു നടത്തുന്നതിനു ഏറ്റവും യോജിച്ച ആളെ തിരഞ്ഞെടുക്കുകയാണു പതിവു്" എന്നു പറഞ്ഞിട്ടുണ്ടു്. ഇതിൽ സേവ എന്നുള്ളതു വിട്ടുപോയതാണോ?

Mr. President: That is not proper.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: കോ–ഓപ്പറേറ്റീവു സൊസൈറ്റികൾ റേഷൻ ഷാപ്പിനു അപേക്ഷിച്ചാൽ അവക്കു കൊടുത്തുകൂടെ? If they make a demand for a ration shop, why not give it over to them?

മിസ്റ്റർ സി ആർ. ഇയ്യുണ്ണി: അവക്കു കൊടുക്കാവുണ്ടു്.

മിസ്റ്റർ കെ. ടി. അച്യുതൻ: മിലിട്ടറിയിൽ നിന്നു വന്നവരുടേയും, കോ–ഓപ്പറേറ്റീവു സൊസൈറ്റികളുടേയും അപേക്ഷകൾ കിട്ടിയാൽ ഏതിനാണു മുൻഗണന കൊടുക്കുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കോ–ഓപ്പറേറ്റീവു സൊസൈറ്റികളെ സംബന്ധിച്ചു പറയുകയാണെങ്കിൽ കോ–ഓപ്പറേറ്റീവു രജിസ്ട്രാർ വളരെ നല്ല രീതിയിൽ നടക്കുന്ന സൊസൈറ്റിയാണെന്നു റിപ്പോർട്ടു ചെയ്താൽ തീർച്ചയായും, സൊസൈറ്റിക്കായിരിക്കും മുൻഗണന കൊടുക്കുക.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: റേഷൻഷാപ്പുകൾ, വ്യക്തികൾ നടത്തുന്നതിനേക്കാൾ സൊസൈറ്റികൾ നടത്തുന്നതാണു നല്ലതു എന്നു തെളിഞ്ഞാൽ അതു അവക്കു വിട്ടുകൊടുക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കൊടുക്കാൻ വിരോധമില്ല.

Mr. K. Balakrishna Menon *(Chruthuruthi)*: Will the Government just consider the principle of giving all these ration shops to Co-operative societies?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഗവണ്മെണ്ടു് ആലോചിക്കാം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഓട്ടോമാറ്റിക്കായിട്ടു കൊടുക്കാതിരിയ്ക്കാൻ കാരണമെന്താണു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതിൽ പല വിഷമങ്ങളുമുണ്ടു്. വളരെക്കാലമായിയാതൊരു കുറവും കൂടാതെ ഒരു വ്യക്തി നടത്തുന്ന റേഷൻഷാപ്പു, പുതിയതായി ഒരു കോ-ഓപ്പറേറ്റീവു സൊസൈറ്റിക്കു വിട്ടുകിട്ടണമെന്നപേക്ഷിച്ചാൽ അതു് സൊസൈറ്റിയാണെന്നുള്ള കാരണംകൊണ്ടു മാത്രം കൊടുക്കാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: കോ-ഓപ്പറേറ്റീവു സൊസൈറ്റികളുടെ ചാർജ്ജു് വഹിക്കുന്ന മന്ത്രി അവർകളുടെ നയം എല്ലാപ്രകാരത്തിലും, കോ-ഓപ്പറേറ്റീവു സൊസൈറ്റികൾക്കു പ്രോത്സാഹനംകൊടുക്കണം എന്നുള്ളതാണെന്നാണു് അറിയുന്നതു്. അദ്ദേഹത്തിന്റെ അഭിപ്രായം റേഷൻഷാപ്പുകൾ സൊസൈറ്റി നടത്തുന്നതിനേക്കാൾ വ്യക്തികൾ നടത്തുന്നതാണു നല്ലതു് എന്നാണോ?

റാവുബഹദൂർ ടി. കെ. നായർ: കോ-ഓപ്പറേറ്റീവു സൊസൈറ്റികൾക്കു വേണ്ട പ്രോത്സാഹനം ചെയ്തുകൊടുക്കുന്നതും, അവയെ റേഷൻഷാപ്പുകൾ ഏല്പിക്കുന്നതും തമ്മിൽ വലിയ ബന്ധമുള്ളതായി കോ-ഓപ്പറേറ്റീവു ഡിപ്പാർട്ടുമെണ്ടിന്റെ ചാർജ്ജു വഹിക്കുന്ന മന്ത്രിക്കഭിപ്രായമില്ല. കോ-ഓപ്പറേറ്റീവു സൊസൈറ്റികളുടെ പല പ്രവൃത്തികളിൽ നിന്നും മാത്രമാണിതു്. ഫസ്റ്റ് ഡിപ്പാർട്ടുമെണ്ടിന്റെ ചാർജ്ജുവഹിക്കുന്ന മന്ത്രി പറഞ്ഞതത്പം വച്ചുകൊണ്ടു കഴിയുന്നത്ര റേഷൻഷാപ്പുകൾ സൊസൈറ്റികൾക്കു ഏല്പിച്ചുകൊടുക്കണം എന്നുള്ളതാണു ഇന്നത്തെ ഗവണ്മെണ്ടിന്റെ നയം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: യുദ്ധസേവനം കഴിഞ്ഞു മടങ്ങിവന്ന നൂറു പേർ റേഷൻ ഷാപ്പിനു വേണ്ടിയുള്ള അപേക്ഷകന്മാരിൽ ഉൾപ്പെട്ടുമെന്നുപറഞ്ഞിട്ടുണ്ടു്. ഇവരിൽ ഒരാൾക്കാണു റേഷൻഷാപ്പു ഏല്പിച്ചുകൊടുത്തതു് എന്നു പറഞ്ഞിട്ടുണ്ടു്. മറ്റു രണ്ടപേക്ഷകർ ആരാണു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസു വേണം.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: കോ-ഓപ്പറേറ്റീവു് സൊസൈറ്റികൾ നടത്തുന്ന ബിസിനസ്സിലെയും മറ്റും പ്രാഫിറ്റു് അതിലെ മെമ്പേഴ്സിനു തന്നെയല്ലേ വീതിച്ചുകൊടുക്കാറു്? Is it not one of the principles which govern the formation of Co-operative societies. അങ്ങിനെയാണെങ്കിൽ റേഷൻഷാപ്പുകൾ വ്യക്തികൾക്കു കൊടുക്കുന്നതിനേക്കാൾ സൊസൈറ്റികൾക്കു കൊടുക്കുന്നതല്ലേ നന്നായിരിക്കുക?

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെയുള്ള സൊസൈറ്റികളുമുണ്ടായിരിക്കാം. എന്നാൽ ചില സൊസൈറ്റികൾ ചാരിറ്റിസിനും മറ്റും വേണ്ടിയുണ്ടാക്കിയതായിരിക്കും. ഏതായാലും റേഷൻ ഷാപ്പുകൾ സൊസൈറ്റികളെ ഏല്പിക്കണമെന്നുള്ളതാണു് ഗവണ്മെണ്ടിന്റെ പൊതുവായ നയം. എന്നാൽ ഒരു വ്യക്തി വളരെക്കാലമായി നടത്തിക്കൊണ്ടിരിക്കുന്ന ഒരു ഷാപ്പു പുതിയതായി സ്ഥാപിച്ച ഒരു സൊസൈറ്റി അപേക്ഷിച്ചാൽ വിട്ടുകൊടുക്കണമൊ എന്നുള്ളതാണു സംശയം.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ലാഭം. അംഗങ്ങൾക്കു വീതിച്ചുകൊടുക്കുന്ന സൊസൈറ്റികൾക്കു വ്യക്തികൾ നടത്തുന്ന റേഷൻഷാപ്പു എടുത്തു കൊടുക്കാമോ?

റാവു ബഹദൂർ ടി. കെ. നായർ: അനവധി കാലമായി ഒരു ഷാപ്പു നടത്തിക്കൊണ്ടിരിക്കുന്ന ഒരു വ്യക്തി ആദ്യം ഒരു തെറ്റു കാണിക്കുന്നതുവരെ ആ ഷാപ്പു അയാൾക്കുതന്നെ കൊടുക്കുന്നതു വളരെ തെറ്റായിട്ടുള്ള കാര്യമാണെന്നു ഈ സഭ കണക്കാക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പരസ്പരസഹായമന്ത്രി അവർകൾ പറഞ്ഞ കാര്യം മനസ്സിലായി. എന്നാൽ ഇതുപോലെ വിഷയങ്ങളിൽ രണ്ടു മന്ത്രിമാരും കൂടി ആലോചിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

തീർപ്പു കല്പിക്കുകയാണോ; ചെയ്യുന്നതു് അതോ, ഒരാൾ ചെയ്യുന്നതു മറെറ ആൾ ശരിവയ്ക്കുകയാണോ ചെയ്യുന്നതു്?

റാവു ബഹദൂർ ടി. കെ. നായർ: കോ-ഓപ്പറേററീവു സൊസൈററികൾക്കു റേഷൻ ഷാപ്പുകൾ എല്പിച്ചുകൊടുക്കുക എന്നുള്ള തത്വം ഗവൺമെണ്ടു സ്വീകരിച്ചിട്ടുള്ളതാണു്. എന്നാൽ ഒരു വ്യക്തി നല്ല നിലയിൽ നടത്തുന്ന റേഷൻഷാപ്പിന്റെ ലൈസൻസു പെട്ടെന്നു കാൻസൽ ചെയ്തു സൊസൈററിക്കു കൊടുക്കാൻ കുറച്ചു ബുദ്ധിമുട്ടുണ്ടെന്നാണു പറയുന്നതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ശരിയായി നടത്തുന്ന ഒരു വ്യക്തിയുടെ കയ്യിൽ നിന്നു പെട്ടെന്നു റേഷൻഷാപ്പു സൊസൈററിയെ എല്പിയ്ക്കാൻ ബുദ്ധിമുട്ടുണ്ടെന്നു പറഞ്ഞല്ലോ അതാണോ ബുദ്ധിമുട്ടു്?

റാവുബഹദൂർ ടി. കെ. നായർ: വെറും മനുഷ്യത്വം മാത്രം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇത്തരത്തിലുള്ള മനുഷ്യത്വം മാററി ലോകത്തിൽ മറെറങ്ങിലും ഇന്നു കാണുന്നതരത്തിലുള്ള മനുഷ്യത്വം സ്വീകരിയ്ക്കാൻ സാധിയ്ക്കുമോ?

റാവു ബഹദൂർ ടി. കെ. നായർ: ഇപ്പോഴത്തെ മനുഷ്യത്വം വലിയ തെറെറള്ളതാണെന്നു തോന്നാത്തതുകൊണ്ടു അതു മാറേറണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: കോ-ഓപ്പറേററീവു സൊസൈററിയിലെ ഒരു അംഗംതന്നെയാണു് അവിടെയുള്ള സഹകാരിവ്യക്തി നടത്തുന്ന റേഷൻഷാപ്പിൽ നിന്നു കാർഡുപ്രകാരം റേഷൻ വാങ്ങുന്നതെന്നു വിചാരിക്കുക. തങ്ങൾ അംഗങ്ങളായിട്ടുള്ള സൊസൈററി ഷാപ്പു നടത്തുന്നതാണു ഞങ്ങൾക്കു കുറച്ചുകൂടി സൌകര്യമെന്നു പറഞ്ഞാൽ ആ അവസരത്തിൽ ജനങ്ങളുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കാൻ കടമയുള്ള ഗവൺമെണ്ടു ഉത്തരവാദിത്വബോധമില്ലാത്ത റേഷൻ ഷാപ്പുടമസ്ഥന്റെ ലൈസൻസു കാൻസൽ ചെയ്തു അതു സൊസൈററിക്കു കൊടുക്കുമോ, അതോ ഒരു വ്യക്തിയുടെ സ്വാർത്ഥത്തിനുവേണ്ടി മാത്രം ഗവൺമെണ്ടു നിലകൊള്ളുമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇതിൽ പല കാര്യങ്ങളും ആലോചിക്കേണ്ടതായിട്ടുണ്ടു്. കച്ചവടസംബന്ധമായ കാര്യവും ഇതിൽ ഉൾപ്പെടുന്നു. റേഷൻ നിർത്തിയാലും കച്ചവടം ശരിയായി നടന്നുപോകണം. അതുകൊണ്ടു റേഷൻ വിതരണത്തിനുവേണ്ടി ഒരു സൊസൈററി അപേക്ഷിച്ചു എന്നുള്ള കാരണംകൊണ്ടുമാത്രം അനവധികാലമായി നല്ല നിലയിൽ നടത്തിവരുന്ന ഒരു വ്യക്തിയുടെ റേഷൻഷാപ്പു പെട്ടെന്നു സൊസൈററിയെ എല്പിച്ചുകൊടുക്കുന്നതു ശരിയായിരിക്കുകയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: രണ്ടുഭാഗത്തും യോഗ്യത തുല്യമാണെങ്കിൽ ആരുടെ കാര്യത്തിനാണു് ഗവൺമെണ്ടു പ്രാധാന്യം കൊടുക്കുക?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ഒരു കേസു ഇതുവരെ വന്നിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അങ്ങിനെ വരുകയാണെങ്കിൽ ഗവൺമെണ്ടു എന്താണു ചെയ്യുക?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അപ്പോൾ അതിനെക്കുറിച്ചാലോചിക്കും.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അങ്ങിനെയുള്ള ഒരു നില വരുകയാണെങ്കിൽ സൊസൈററിക്കു വേണം കൊടുക്കാൻ എന്ന തത്വം സ്വീകരിച്ചുകൂടെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇങ്ങിനെ തുല്യയോഗ്യതയുള്ള വ്യക്തിയും സൊസൈററിയും വരുകയാണെങ്കിൽ രണ്ടിൻറേയും യോഗ്യതയുടെ തൂക്കം ഒരുപോലെ നില്ക്കുകയാണെന്നുണ്ടെങ്കിൽ എന്താണു ചെയ്യേണ്ടതെന്നു വളരെ ഗാഢമായി ഗവൺമെണ്ടു ആലോചിക്കും. (ചിരി.)

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: കോ-ഓപ്പറെററീവു് സൊസൈററികൾക്കു റേഷൻഷാപ്പുകൾ കൊടുക്കുന്നതുകൊണ്ടു് equitable distribution of wealth ഉണ്ടാകുമെന്നു് ഗവൺമെണ്ടു് മനസ്സിലാക്കീട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഉവ്വു്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അപ്പോൾ അങ്ങിനെയല്ലെ ചെയ്യേണ്ടതു്?

റാവുബഹദൂർ ടി. കെ. നായർ: കഴിയുന്നതും അങ്ങിനെതന്നെയാണു് ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഒ. തോമക്കുട്ടി: കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ റേഷൻഷാപ്പുകൾ എടുത്തു നടത്തിയതുമൂലം ഉണ്ടായിട്ടുള്ള അഴിമതികളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അറിഞ്ഞിട്ടില്ല. ആക്ഷേപങ്ങൾ വരുന്നതിനെസംബന്ധിച്ചു അന്വേഷിക്കാറുണ്ട്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇതുവരെ യാതൊരാക്ഷേപവും ഉണ്ടായിട്ടില്ലെ?

റാവുബഹദൂർ ടി. കെ. നായർ: ഉവ്വ്. വന്നിട്ടുള്ള ആക്ഷേപങ്ങളെസംബന്ധിച്ചു അന്വേഷിച്ചു നടപടിയെടുത്തിട്ടുണ്ട്. അനവധി പീടികകളുടെ ലൈസൻസ് കാൻസൽ ചെയ്തിട്ടുണ്ട്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ നടപടികൾ നിൽത്തൽചെയ്തു് പഴയമാതിരി കച്ചവടക്കാരെതന്നെ റേഷൻഷാപ്പുകൾ ഏല്പിച്ചുകൊടുക്കാൻ സാധിക്കുമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതുസാദ്ധ്യമല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അതിനു പ്രത്യേക കാരണംവല്ലതുമുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അനവധിയാളുകൾകൂടിയാണ് ഒരു സൊസൈറ്റിയുണ്ടാക്കുന്നതു്. അതുകൊണ്ടതന്നെയാണ് അതിനോടു ഗവണ്മെണ്ടിനു പ്രത്യേക ആനുകൂല്യമുള്ളതു്. അതിനെസംബന്ധിച്ചു എന്തെങ്കിലും ഒരാക്ഷേപം വരുകയാണെങ്കിൽ ഒരുതെറ്റ് വരുകയാണെങ്കിൽ അതു തിരുത്താൻ അതിലെ അംഗങ്ങളോടുതന്നെ ആവശ്യപ്പെടാം. നേരേമറിച്ചു്, ഒരു വ്യക്തിയിൽനിന്നു ആക്ഷേപംവന്നാൽ തീർച്ചയായും അയാളുടെ ലൈസൻസ് കാൻസൽചെയ്യേണ്ടിവരും. ആ നിലയിൽ സൊസൈറ്റിയ്ക്കു മുൻഗണന കൊടുക്കണമെന്നുള്ള കാര്യത്തിൽ സംശയമില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: സൊസൈറ്റികളോടു കാണിക്കുന്നതിൽ പത്തിലൊരംശം ആനുകൂല്യം കച്ചവടക്കാരോടു കാണിച്ചു ഇതവക്കു് വിട്ടുകൊടുക്കരുതോ?

Mr. President: That has been answered.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഒരു വ്യക്തിയെപ്പോലെയല്ല ഒരുസംഘം. അനേകം ആളുകൾചേർന്നു് ഉണ്ടാക്കീട്ടുള്ളതാണു് സംഘം. ഒരു ജനക്കൂട്ടത്തിന്റെ ശക്തിയെ അവഗണിയ്ക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു സൊസൈറ്റികൾക്കു മുൻഗണനകൊടുക്കണം എന്നുള്ളകാര്യത്തിൽ യാതൊരു സംശയവുമില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അങ്ങിനെയാണെങ്കിൽ വ്യക്തികൾക്കു റേഷൻഷാപ്പുകൾ വിട്ടുകൊടുത്തതു് എന്തുകൊണ്ടാണു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: വിട്ടുകൊടുത്തിട്ടില്ല.

മിസ്റ്റർ പറമ്പി ലോനപ്പൻ: പഴയമാതിരി റേഷൻഷാപ്പുകൾ കച്ചവടക്കാരെ ഏല്പിച്ചുകൊടുക്കുന്നതു് നല്ലതല്ല എന്നു് ഇവിടെ പറഞ്ഞു. റേഷനിങ്ങിനെപ്പറ്റി മഹാത്മാഗാന്ധിയുടെ അഭിപ്രായമെന്താണെന്നു് ഗവണ്മെണ്ടു് മനസ്സിലാക്കീട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവണ്മെണ്ടു് മനസ്സിലാക്കീട്ടില്ല. വേണമെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഇന്നത്തെ വിഷമസ്ഥിതി അവസാനിക്കുന്നതുവരെ റേഷനിങ്ങും കൺട്രോളും വ്യക്തികൾക്കു വിട്ടുകൊടുക്കാതെ ഗവണ്മെണ്ടുതന്നെ തുടരുമെന്നു ഉറപ്പുതരാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: റേഷനിങ്ങു, കൺട്രോൾ മുതലായകാര്യങ്ങൾ, കച്ചവടക്കാരെ ഏല്പിക്കണമെന്നു ഉദ്ദേശിച്ചിട്ടില്ല. ഇന്നത്തെനിലയിൽ ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി കൺട്രോൾ നിലനിർത്തണമെന്ന മാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ.

മിസ്റ്റർ പി. കെ. പോൾ: നല്ലനിലയിൽ വിതരണംനടത്തുന്ന ഒരു സൊസൈറ്റിയുടെകയ്യിൽനിന്നും റേഷൻഷാപ്പു, യാതൊരു കാരണവുംകൂടാതെ ഒരു സ്വകാര്യവ്യക്തിയെ ഏല്പിച്ചുകൊടുക്കുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അങ്ങിനെ ചെയ്തതായി ഓർമ്മയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. പോറ്റി: പെരിങ്ങൽകുത്തിൽ നല്ലരീതിയിൽ വിതരണംനടത്തുന്ന ഒരു റേഷൻഷാപ്പു സൊസൈറ്റിയുടെ കയ്യിൽനിന്നു എടുത്തു ഒരു സഹകാരിവ്യക്തിക്കു കൊടുത്തതായി ആക്ഷേപം കിട്ടിയിട്ടില്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതിനെപ്പറ്റി ആക്ഷേപം കിട്ടിയതായി ഓർമ്മയില്ല.

മിസ്റ്റർ പി. നാരായണമേനോൻ: സഹകാരിവ്യക്തികളും നടത്തിവരുന്ന എത്ര റേഷൻ ഷാപ്പുകളും സൊസൈറ്റിക്കാരെ ഏല്പിച്ചിട്ടുണ്ട്"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൃത്യമായ എണ്ണം പറയാൻ സാധ്യമല്ല. അനേകം ഏല്പിച്ചിട്ടുണ്ട്".

മിസ്റ്റർ പി. നാരായണമേനോൻ: വ്യക്തികളും എന്തെങ്കിലും തെറ്റു ചെയ്തിട്ടാണോ അവരിൽനിന്നും ഷാപ്പുകളും എടുത്തു സൊസൈറ്റിക്കാരെ ഏല്പിച്ചിട്ടുള്ളതു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വ്യക്തികളുടെ പേരിൽ ആക്ഷേപങ്ങൾ വരുമ്പോൾ അവരുടെ ലൈസൻസ് കാൻസൽ ചെയ്യും. എന്നിട്ട അങ്ങിനെയുള്ളിടത്തു" സൊസൈറ്റിയുണ്ടെങ്കിൽ അതു" അവരെ ഏല്പിക്കും.

മിസ്റ്റർ പി. നാരയണമേനോൻ: അനേകം ഷാപ്പുകളും സൊസൈറ്റികളെ ഏല്പിച്ചു എന്നു" പറഞ്ഞുവല്ലൊ. അങ്ങിനെ ഏറ്റെടുത്തു നടത്തിയശേഷം ഒരുകൊല്ലത്തെ ഭരണത്തിൽ കൂടുതൽ പഴക്കം സിദ്ധിച്ചിട്ടുള്ള വല്ല സൊസൈറ്റികളും ഉണ്ടെന്നു പറയാൻ സാധിയ്ക്കുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: റേഷൻ ഷാപ്പുകളും പരസ്പരസഹായ സംഘങ്ങളെ ഏല്പിക്കുന്ന കാര്യം തീരുമാനിച്ചിട്ട ഒരു കൊല്ലമെ ആയിട്ടുള്ളൂ. ഷാപ്പുകളും സൊസൈറ്റികളെ ഏല്പിച്ചുകൊടുക്കാൻ ഗവണ്മെണ്ടു തീരുമാനിച്ചു എന്നു കേട്ടപ്പോൾ അവ ഏറ്റെടുത്തു നടത്താൻ പല പുതിയ സൊസൈറ്റികളും ഉണ്ടാക്കി. അവയിൽ തൃപ്തികരമായി നടത്തുന്ന സൊസൈറ്റികൾക്കു ഷാപ്പുകളും ഏല്പിച്ചുകൊടുത്തിട്ടുണ്ടു". ചില പഴയ സൊസൈറ്റികൾക്കും ഷാപ്പുകളും ഏല്പിച്ചുകൊടുത്തിട്ടുണ്ടു".

മിസ്റ്റർ പി. നാരായണമേനോൻ: പഴയ സൊസൈറ്റികളും എത്രയെണ്ണത്തിനു" ഏല്പിച്ചുകൊടുത്തിട്ടുണ്ടു"?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസു വേണം.

മിസ്റ്റർ പി. നാരായണമേനോൻ: വ്യക്തികളും എന്തെങ്കിലും തെറ്റു ചെയ്താൽ അവരിൽനിന്നും ഷാപ്പു എടുത്തു സൊസൈറ്റിയെ ഏല്പിക്കുമെന്നു ഗവണ്മെണ്ടു" നിശ്ചയിച്ചിട്ടുണ്ടല്ലൊ. ഇത്തരത്തിലുള്ള ഒരു സംഘത്തിനു വ്യക്തികളുടെ പേരിൽ നിഷ്പ്രയാസം കുറ്റം ചുമത്താൻ സാധിയ്ക്കും എന്നുള്ള ധാരണ ഗവണ്മെണ്ടിനുണ്ടായിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ സംഭവിയ്ക്കാം. ഒരു തീപ്പു ചെയ്യുമ്പോൾ അതിനേയുംകൂടി പരിഗണിക്കും.

GOVERNMENT AID TO THE MALAYALAM DAILY "DEENABANDHU"

13. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

"ദീനബന്ധു" എന്ന പത്രത്തിനു ഗവണ്മെണ്ടു ചെയ്തുവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒന്നുമില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ദീനബന്ധുവിനു ധനസഹായം ചെയ്യുന്നുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ പി. കുരാരനെഴത്തശ്ശൻ: കഴിഞ്ഞ ബഡ്ജറ്റു സമ്മേളനത്തിൽവെച്ചു" ചില കടലാസുകൾക്കു ഇരുനൂറും മൂന്നൂറും രൂപാവീതം ധനസഹായം ചെയ്യുന്നുണ്ടു" എന്നു പറഞ്ഞിട്ടുണ്ടു". അതിൽ 'ദീനബന്ധു'വും ഉൾപ്പെട്ടുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല. A. P. I, റോയിട്ടർ മുതലായ ന്യൂസു" ജാഗൻസികൾക്കു ഗവണ്മെണ്ടിൽനിന്നു ക, ൦ ൦ ൦ രൂപാ കൊടുക്കുന്നുണ്ടു". അവർ ന്യൂസു"സപ്ലൈ ചെയ്യുന്ന കടലാസുകളിൽ 'ദീനബന്ധു'വും ഉൾപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly